ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.02.2026** **TIME : 07.25AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാല് ദിവസത്തെ മഹാരാഷ്ട്ര, ഝാർഖണ്ഡ്, രാജസ്ഥാൻ സന്ദർശനം ഇന്ന് ആരംഭിക്കും.
   **President Draupadi Murmu's four-day visit to Maharashtra, Jharkhand and Rajasthan will begin today.**

2. ശുദ്ധമായ ഊർജ്ജത്തിലേക്കുള്ള പ്രയാണത്തിൽ രാജ്യത്തിന്റെ പ്രശംസനീയമായ നാഴികക്കല്ലാണ് പി.എം സൂര്യഘർ പദ്ധതിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **PM Suryagar yojan is a commendable milestone for the country in its journey towards clean energy, says Prime Minister Narendra Modi.**

3. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന ദേശീയ വട്ടമേശ സമ്മേളനത്തിന് -ന്യൂഡൽഹിയിൽ ഇന്ന് തുടക്കം.
   **The National Round Table Conference organized by the Central Election Commission will begin in New Delhi today.**

4. പ്രധാനമന്ത്രി ആവാസ് അർബൻ യോജന പ്രകാരം 2.88 ലക്ഷം വീടുകൾക്ക് കൂടി കേന്ദ്രം അനുമതി നൽകി.
   **The Center has approved 2.88 lakh more houses under the Pradhan Mantri Awas Urban Yojana.**

5. സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**Chief Minister Pinarayi Vijayan to announce the completion of five lakh houses in the state under the Life Mission scheme today.**

**6. ടി–20 ക്രിക്കറ്റ് ലോകകപ്പിൽ, സിംബാബ്‌വെയെ 107 റൺസിന് തകർത്ത് വെസ്റ്റ് ഇൻഡീസ്.**

**West Indies beat Zimbabwe by 107 runs in the T-20 Cricket World Cup.**

***************************

## PREZ-VISIT

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാല് ദിവസത്തെ മഹാരാഷ്ട്ര, ഝാർഖണ്ഡ്, രാജസ്ഥാൻ സന്ദർശനം ഇന്ന് ആരംഭിക്കും. മുംബൈ പി ഡി ഹിന്ദുജ ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ ജീവൻ രക്ഷയിലൂടെ ആരോഗ്യകരമായ ഭാരതം എന്ന ദേശവ്യാപക പ്രചാരണ യജ്ഞത്തിന് ശ്രീമതി മുർമു തുടക്കം കുറിക്കും. ബുൽധാനയിൽ ആയുഷ് മന്ത്രാലയം നാളെ സംഘടിപ്പിക്കുന്ന ദേശീയ ആരോഗ്യ മേളയും നാഗ്പൂരിൽ ബ്രഹ്മകുമാരിസ് സംഘടിപ്പിക്കുന്ന പരിപാടിയിലും രാഷ്ട്രപതി പങ്കെടുക്കും. വ്യാഴാഴ്ച ജംഷഡ്പൂരിൽ ശ്രീ ജഗന്നാഥ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭൂമി പൂജയിൽ പങ്കെടുക്കുന്ന ശ്രീമതി മുർമു മണിപാൽ ടാറ്റ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്യും.

***************************

## REV. PM-SURYAGHAR SCHEME

ശുദ്ധമായ ഊർജ്ജത്തിലേക്കുള്ള പ്രയാണത്തിൽ രാജ്യത്തിന്റെ പ്രശംസനീയമായ നാഴികക്കല്ലാണ് പ്രധാനമന്ത്രി സൂര്യഘർ പദ്ധതിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പദ്ധതിയുടെ ഗുണഭോക്താക്കളെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷിയുടെ സാമൂഹ്യമാധ്യമത്തിലെ കുറിപ്പിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് സമ്പാദ്യം, സുസ്ഥിരത, സ്വാശ്രയത്വം എന്നിവ വർദ്ധിപ്പിക്കാനായതായും ശ്രീ. മോദി സൂചിപ്പിച്ചു. ഊർജ്ജ

സുരക്ഷിതവും, ഹരിതാഭവും മികച്ച ഭാവിയുള്ളതുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള സർക്കാർ ശ്രമങ്ങളുടെ ഭാഗമാണ് ഈ പദ്ധതിയെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. രാജ്യത്തുടനീളമുള്ള മുപ്പത് ലക്ഷം കുടുംബങ്ങൾ പ്രധാനമന്ത്രി സൂര്യഘർ പദ്ധതിയൂടെ ഊർജ്ജ ശാക്തീകരണം നേടിയ വിവരമാണ് ശ്രീ ജോഷി സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ചത്.

***********************************

## PRAHAAR- (INTRO)

ഭീകരവാദ ഭീഷണികളിൽ നിന്ന് രാജ്യത്തെ തടയുന്നതിനുള്ള സമഗ്രമായ കാഴ്ചപ്പാട് വിശദീകരിക്കുന്ന , "പ്രഹാർ നയം" പുറത്തിറക്കി ആഭ്യന്തര മന്ത്രാലയം. ഭീകരതക്ക് എതിരായും ഭീകരതയുടെ ഇരകളുടെ അവകാശങ്ങൾക്ക് വേണ്ടിയും അന്താരാഷ്ട്രതലത്തിൽ സമവായം ഉണ്ടാക്കുന്നതിനായി ഇന്ത്യ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് നയത്തിൽ വ്യക്തമാക്കുന്നു. **വിശദാംശങ്ങളിലേക്ക് ..........**

(വോയ്സ്)

എല്ലാ ഭീകര പ്രവർത്തനങ്ങളെയും കുറ്റകരമാക്കുകയും തീവ്രവാദികൾക്കും അവരെ സഹായിക്കുന്നവർക്കും പണം, ആയുധങ്ങൾ, സുരക്ഷിത താവളങ്ങൾ എന്നിവ ഒരുക്കുന്നത് തടയുകയും ചെയ്യുക എന്നതാണ് 'പ്രഹാർ' തീവ്രവാദ വിരുദ്ധ നയത്തിന്റെ കാതൽ. തീവ്രവാദ ആവശ്യങ്ങൾക്കായി വിവര, ആശയവിനിമയ സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യുന്നതിന്റെ ആഗോള വെല്ലുവിളിയെ നേരിടാൻ അന്താരാഷ്ട്ര സമൂഹവുമായി ചേർന്ന് ഇന്ത്യ ശ്രമങ്ങൾ തുടരും. ഭാവിയിലെ ഭീകരപ്രവർത്തന ഭീഷണികൾ ലഘൂകരിക്കുന്നതിന് സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ നിക്ഷേപം നടത്തും. ഇക്കാര്യത്തിൽ സ്വകാര്യ സംരംഭങ്ങളും സഹകരിക്കും. ഏതെങ്കിലും പ്രത്യേക മതം, വംശം, ദേശീയത അല്ലെങ്കിൽ നാഗരികത എന്നിവയുമായി ഭീകരതയെ ബന്ധിപ്പിക്കാനുള്ള ഏതൊരു

ശ്രമത്തെയും ഇന്ത്യ ശക്തമായി നിരാകരിക്കും. അക്രമത്തിന് ഒരു ന്യായീകരണവുമില്ലെന്ന വിശ്വാസത്തിൽ ഇന്ത്യ ഉറച്ചുനിൽക്കുകയാണെന്നും ഭീകരതയുടെ ഇരകൾക്കൊപ്പം ഇന്ത്യ എപ്പോഴും നിലകൊള്ളുന്നുണ്ടെന്നും ആഭ്യന്തര മന്ത്രാലയം പറഞ്ഞു. ന്യൂസ് ഡസ്ക് , ആകാശവാണി......

**************************

## ECI-ROUND TABLE CONFERENCE

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന ദേശീയ വട്ടമേശ സമ്മേളനം ഇന്ന് ആരംഭിക്കും. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്ക് വേണ്ടി സമ്മേളനം സംഘടിപ്പിക്കുന്നത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേശ് കുമാർ അധ്യക്ഷത വഹിക്കും. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബിർ സിങ് സന്ധു, വിവേക് ജോഷി തുടങ്ങിയവർ സന്നിഹിതരായിരിക്കും. സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണപ്രദേശങ്ങളിലേയും തിരഞ്ഞെടുപ്പ് കമ്മീഷണർമാർ സമ്മേളനത്തിൽ പങ്കെടുക്കും. ഇതിനു പുറമെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരും നിയമവിദഗ്ദ്ധരും സംബന്ധിക്കും.

**************************

## PMAY-URBAN 2.0

പ്രധാനമന്ത്രി ആവാസ് യോജന അർബൻ 2.0 പ്രകാരം 2.88 ലക്ഷം വീടുകൾക്ക് കൂടി കേന്ദ്രസർക്കാർ അനുമതി നൽകി. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ആറാമത് കേന്ദ്ര അനുമതി–നിരീക്ഷണ സമിതി യോഗത്തിലാണ് തീരുമാനം. ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ഛത്തീസ്ഗഢ്, ഗുജറാത്ത്, ജമ്മു കശ്മീർ ഉൾപ്പെടെ 16 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് പുതുതായി വീടുകൾ അനുവദിച്ചതെന്ന് ഭവന, നഗരകാര്യ മന്ത്രാലയം അറിയിച്ചു. പ്രധാനമന്ത്രിയുടെ നഗര ഭവന നിർമ്മാണ

പദ്ധതിയിൽ അനുവദിച്ച വീടുകളുടെ ആകെ എണ്ണം 13 ലക്ഷത്തി 61 ആയിരത്തിലധികമായി.

*************************

## LIFE-KERALA

കേരളത്തിൽ ലൈഫ് മിഷനിലൂടെ അഞ്ചുലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകിട്ട് നാലിന് തിരുവനന്തപുരം പൂജപ്പുര മൈതാനത്ത് ചേരുന്ന പൊതുസമ്മേളനത്തിൽ മന്ത്രി എം ബി രാജേഷ് അധ്യക്ഷനാകും. രാവിലെ കരകുളം പഞ്ചായത്തിലെ കോമളകുമാരിയുടെ ഗൃഹപ്രവേശന ചടങ്ങിൽ മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കും. 2017 മെയ് 23-ന് പ്രഖ്യാപിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ ആറു ലക്ഷത്തി നാലായിരം വീടാണ് അനുവദിച്ചത്. ഇതിൽ അഞ്ചു ലക്ഷത്തിൽ 364 വീടുകൾ പണി പൂർത്തീകരിച്ചു.

*************************

## FM-MONETISATION PIPELINE

കേന്ദ്ര മന്ത്രാലയങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആസ്തി ധനസമ്പാദന പദ്ധതിയുടെ രണ്ടാംഘട്ടത്തിന് ന്യൂഡൽഹിയിൽ ധനമന്ത്രി നിർമ്മല സീതാരാമൻ തുടക്കം കുറിച്ചു. 5.8 ലക്ഷം കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉൾപ്പെടെ, 16.72 ലക്ഷം കോടി രൂപ സമ്പാദിക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ നാല് വർഷത്തേക്ക് നിശ്ചയിച്ച ആറ് ലക്ഷം കോടി രൂപ ലക്ഷ്യത്തിന്റെ 90 ശതമാനത്തോളം നേടിയതിന് സർക്കാരിന്റെയും നിതി ആയോഗിന്റെയും മന്ത്രാലയങ്ങളെയും വകുപ്പുകളെയും ധനമന്ത്രി അഭിനന്ദിച്ചു. ത്വരിതപ്പെടുത്തിയ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ വികസിത് ഭാരത് കൈവരിക്കുക എന്ന ദൗത്യവുമായി എൻ.എം. പി 2.0 ഇന്ത്യയുടെ വളർച്ചാ വേഗതയ്ക്ക് ഇന്ധനം പകരുമെന്നും അവർ പറഞ്ഞു.

*************************

## JHARKHAND-CRASH

ജാർഖണ്ഡിലെ ഛത്ര ജില്ലയിലെ സിമാരിയയ്ക്ക് സമീപം ചെറുവിമാനം തകർന്ന് ഏഴു പേർ മരിച്ചു. ഇന്നലെ രാത്രി ഏഴു മണിയോടെയായിരുന്നു അപകടം. റാഞ്ചിയിൽ നിന്ന് ഡൽഹിയിലേക്ക് പോയ റെഡ്ബേർഡ് എയർവേയ്സിന്റെ എയർ ആംബുലൻസാണ് തകർന്നത്. പറന്നുയർന്നതിന് തൊട്ടുപിന്നാലെയായിരുന്നു അപകടം.

**************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

**************************

## ICC T20 WC CRICKET

ടി–20 ക്രിക്കറ്റ് ലോകകപ്പിൽ, ഇന്നലെ നടന്ന സൂപ്പർ എയ്റ്റ് മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് സിംബാബ്‌വെയെ 107 റൺസിന് തകർത്തു. വെസ്റ്റ് ഇൻഡീസ് മുന്നോട്ടുവച്ച 255 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യം പിന്തുടർന്ന സിംബാബ്‌വെ 17.4 ഓവറിൽ 147 റൺസിന് ഓൾഔട്ടായി.

**************************

## ISL

ഐഎസ്എല്ലിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ് സീസണിലെ തുടർച്ചയായ രണ്ടാം വിജയം നേടി. ചെന്നൈയിൻ എഫ്സിയെ എതിരില്ലാത്ത രണ്ടു ഗോളുകൾക്കാണ് ബഗാൻ തോൽപ്പിച്ചത്.

**************************

## PM-KISAN

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ ഏഴാം വാർഷികം ഇന്ന്. രാജ്യത്തെ കർഷകരുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് 2019-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. പ്രതിവർഷം മൂന്ന് തവണകളായി 6,000 രൂപ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതാണ് ഈ പദ്ധതി

***************************

## ASSEMBLY (INTRO)

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇന്നലെ നേരത്തെ പിരിഞ്ഞ നിയമസഭ ഇന്നു രാവിലെ ഒൻപതു മണിക്ക് വീണ്ടും സമ്മേളിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

***************************

## ELECTION COMMISSION

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സംസ്ഥാനത്തെ മുന്നൊരുക്കങ്ങൾ വിലയിരുത്തി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉന്നതതല സംഘം . തിരുവനന്തപുരത്ത് നടന്ന വിവിധ യോഗങ്ങളിൽ തിരഞ്ഞെടുപ്പ് ഒരുക്കങ്ങളുടെ സമഗ്രമായ അവലോകനം നടന്നു. സീനിയർ ഡെപ്യൂട്ടി കമ്മീഷണർമാരായ പവൻ കുമാർ ശർമ, മനീഷ് ഗാർഗ് എന്നിവരടങ്ങിയ സംഘം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, സ്റ്റേറ്റ് പോലീസ് നോഡൽ ഓഫീസർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. എസ്.ഐ.ആർഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ കമ്മീഷൻ അവലോകനം ചെയ്തു.

**************************

## KERALA – SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ട്. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാവുന്നതാണ്. അന്തിമ വോട്ടർ പട്ടികയിൽ 2 കോടി 69 ലക്ഷത്തിലധികം പേരാണുള്ളത്.

**************************

## US TARIFFS

വിവിധ രാജ്യങ്ങൾക്ക് മേൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചുമത്തിയ നികുതി നിരക്കുകൾ ഇന്ന് മുതൽ നിർത്തലാക്കുമെന്ന് യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ ഏജൻസി അറിയിച്ചു. തീരുവകൾ നിയമവിരുദ്ധമാണെന്ന് യുഎസ് സുപ്രീം കോടതി പ്രഖ്യാപിച്ചതിനെ തുടർന്നാണ് ഈ നീക്കം. വിധിക്ക് പിന്നാലെ, എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള ഇറക്കുമതികൾക്ക് 10 ശതമാനം ആഗോള തീരുവ ചുമത്തുന്ന പുതിയ ഉത്തരവിൽ ഡൊണാൾഡ് ട്രംപ് ഒപ്പുവച്ചതും വിവാദമായി. ഉത്തരവിനെ എതിർത്ത് യൂറോപ്യൻ യുണിയനും രംഗത്തു വന്നിട്ടുണ്ട്.

*************************************************************************************************
*********